പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1363 — 11.06.2019-ൽ മറുപടിക്ക്

ലാന്റ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ.യുടെയും പേരിൽ വ്യാജ ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ചൂർണ്ണിക്കരയിൽ 25 സെന്റ് ഭൂമി നികത്താനായി ലാന്റ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ.യുടെയും പേരിൽ വ്യാജ ഉത്തരവ് ഇറക്കിയ സംഭവത്തിലെ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ് എന്നിവിടങ്ങളിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു. കൂടാതെ വ്യാജ ഉത്തരവും വ്യാജ ഒപ്പും ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ക്രിമിനൽ നടപടിക്രമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും മ്യൂസിയം പോലീസിന് വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ള താണ്. ലാന്റ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് ഉള്ള ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെയും എറണാകുളം ജില്ലയിൽ ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത കോടതി മുഖാന്തിരമുള്ള തുടർ നടപടികളും നടന്നു വരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടന്നു വരികയാണ്. ഇതിനു പുറമെ കേരള |

| | | | |
|---|---|---|---|
| | | | ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 01/01/2018 മുതൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിരസിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | നിയമവിരുദ്ധമായ ഇത്തരം കാര്യങ്ങൾ കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ്; | (ബി) | റവന്യൂ വകുപ്പിൽ ഇപ്രകാരമുള്ള നിയമ വിരുദ്ധമായ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സീനിയർ സൂപ്രണ്ടുമാരുടെ കീഴിൽ 3 ടീമുകളും, മേഖലാടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലുള്ള 3 റവന്യൂ വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ കളക്ടേറ്റുകളിൽ സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലുള്ള ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗങ്ങളും, താലൂക്ക് ഓഫീസുകളിൽ പരിശോധനാ വിഭാഗവും നിലവിലുണ്ട്. |
| (സി) | പ്രസ്തുത കേസ് വിജിലൻസിന് കൈമാറിയിട്ടുണ്ടോ; റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ഒത്താശയില്ലാതെ ഇത്തരം വ്യാജ ഉത്തരവുകൾ ഉണ്ടാക്കുവാൻ സാധ്യമല്ലെന്നിരിക്കെ ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസും രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ നടപടികളും നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**